പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3534

14.03.2017-ൽ മറുപടിയ്ക്ക്

## ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലോക്കൽ പോലീസും ഹൈവേ പോലീസും, ട്രാഫിക് പോലീസും ഉൾപ്പെടെയുള്ള സേനാംഗങ്ങളെ വിന്യസിച്ച് സംസ്ഥാനത്തെ റോഡുകളിൽ അമിതവേഗത കുറയ്ക്കുന്നതിനും റോഡ് നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരക്ക് വർദ്ധിച്ചു വരുന്ന സന്ദർഭങ്ങളിലും സ്ഥലങ്ങളിലും സാഹചര്യം കണക്കിലെടുത്ത് കൂടുതൽ പോലീസുദ്യോഗസ്ഥരുടെ സേവനം ആയതിലേയ്ക്കായി ഉപയോഗിച്ചു. വരുന്നുണ്ട്. പ്രധാന സ്ഥലങ്ങളിലും ജംഗ്ഷനുകളിലും സ്കൂൾ പരിസരങ്ങളിലും ബസ് സ്റ്റാന്റുകളിലും വാഹന ഗതാഗത നിയന്ത്രണത്തിന് പോലീസിനെ സഹായിക്കുന്നതിനായി ഹോംഗാർഡിനേയും നിയോഗിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ആവശ്യത്തിലേയ്ക്കായി ജി.പി.എസ് സംവിധാനമുള്ള പട്രോൾ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. കേരളത്തിലെ എല്ലാ ഹൈവേ പട്രോൾ വാഹനങ്ങളിലും ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സ്കൂൾ വാഹനങ്ങളെ ജി.പി.എസ് ട്രാക്കിംഗ് സംവിധാനത്തിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ